ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:23.09.2026**

## പ്രധാനവാർത്തകൾ

1. വഡോദരയിലെ മഹാരാജ സയാജിറാവു സർവകലാശാലയുടെ 75-ാമത് വാർഷിക ബിരുദദാനച്ചടങ്ങിൽ പങ്കെടുത്ത് രാഷ്ട്രപതി ദ്രൗപദി മുർമ്മു.

2. സംസ്ഥാനത്ത് മഴക്കെടുതിയിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് എട്ട് ലക്ഷം രൂപയുടെ ധനസഹായം നൽകാൻ സംസ്ഥാന മന്ത്രി സഭാ യോഗത്തിൽ തീരുമാനം.

3. ഓൺലൈൻ ഡെലിവറി ജീവനക്കാർക്കുള്ള സംസ്ഥാനത്തെ ആദ്യ വിശ്രമകേന്ദ്രം തിരുവനന്തപുരത്ത് മന്ത്രി ബിന്ദു കൃഷ്ണ ഇന്ന് ഉദ്ഘാടനം ചെയ്യും.

4. പരാതികളും ഫയലുകളും വേഗത്തിൽ തീർപ്പാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ആരംഭിക്കുന്ന പ്രത്യേക ' സർവീസ് ക്ലിനിക്കിൻറെ ഉദ്ഘാടനം മന്ത്രി റോജി എം. ജോൺ ഇന്ന് നിർവഹിക്കും.

5. സംസ്ഥാനത്ത് ഇന്നും മഴ ശക്തമാകും. ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്

RNU TVPM

6. **ഏഷ്യൻ ഗെയിംസ് പുരുഷ സോഫ്റ്റ് ടെന്നീസിൽ ഇന്ത്യക്ക് വെങ്കലം. .**

**രാഷ്ട്രപതി -വഡോദര**

രാഷ്ട്രപതി ദ്രൗപദി മുർമ്മുവിൻറെ ഗുജറാത്ത് സന്ദർശനം പുരോഗമിക്കുന്നു. വഡോദരയിലെ മഹാരാജ സയാജിറാവു സർവകലാശാലയുടെ 75-ാമത് വാർഷിക ബിരുദദാനച്ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കുകയാണ്. ബ്രഹ്മകുമാരീസ് സംഘടിപ്പിക്കുന്ന 'ലോക നവീകരണത്തിനായുള്ള ആത്മീയ ഉണർവ്' പ്രചാരണ പരിപാടിക്കും ശ്രീമതി ദ്രൗപദി മുർമു തുടക്കം കുറിക്കും.

RNU TVPM

**ഉപരാഷ്ട്രപതി**

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ഞായറാഴ്ച കേരളത്തിലെത്തും. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ വിവിധ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. കൊല്ലം അമൃതപുരിയിൽ നടക്കുന്ന മാതാ അമൃതാനന്ദമയിയുടെ ജന്മദിനാഘോഷങ്ങളിൽ ഉപരാഷ്ട്രപതി പങ്കെടുക്കും. ആലപ്പുഴ വള്ളിക്കുന്നം വിദ്യാധിരാജപുരം ആശ്രമത്തിൽ ചട്ടമ്പി സ്വാമികളുടെ വെങ്കലപ്രതിമ അദ്ദേഹം അനാച്ഛാദനം ചെയ്യും. തിരുവനന്തപുരത്ത് നടക്കുന്ന എസ്.യു.റ്റി അക്കാദമി ഓഫ്

മെഡിക്കൽ സയൻസസ് ബിരുദദാന ചടങ്ങിലും അദ്ദേഹം പങ്കെടുക്കുന്നുണ്ട്.

**മന്ത്രി സഭായോഗ തീരുമാനം (ഇൻട്രോ)**

കഴിഞ്ഞ ദിവസങ്ങളിൽ മലപ്പുറത്തും ഇടുക്കിയിലും കോട്ടയത്തും മഴക്കെടുതിയിൽ മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് 8 ലക്ഷം രൂപയുടെ ധനസഹായം നൽകാൻ സംസ്ഥാന മന്ത്രി സഭാ യോഗത്തിൽ തീരുമാനം. റോഡ് അപകടങ്ങൾ കുറയ്ക്കാൻ ക്യാമ്പയിൻ ആരംഭിക്കുമെന്നും മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. *(മുഖ്യമന്ത്രി വോയ്സ്.....)* വയോജനക്ഷേമവകുപ്പിന്റെ പേര് മാറ്റി മുതിർന്ന പൗരൻമാർക്കുള്ള വകുപ്പ് എന്നാക്കിമാറ്റാനും മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചു. ലോക കേരളസഭ പിരിച്ചുവിട്ട് പ്രവാസികൾക്കായി ബദൽ സംവിധാനം ഒരുക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

**ആയുർവേദ ദിനം**

കേരളത്തിൽ ആയുർവേദ ഇൻസ്റ്റിട്യൂട്ട് അനിവാര്യമെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ. കേരളത്തിലെ ചികിത്സാരീതികളിൽ

PRNU TVPM

ആയുർവേദത്തിന് സുപ്രധാന പങ്കാണ് ഉള്ളതെന്നും ആയുർവേദ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. അശാസ്ത്രീയ ചികിത്സാരീതികൾ ആയുർവേദ ചികിത്സക്ക് വെല്ലുവിളി ഉയർത്തുന്നതായും ഈ വെല്ലുവിളി മറികടക്കേണ്ടത് ആരോഗ്യ ടൂറിസം രംഗത്തിൻറെ വികസനത്തിന് അത്യാവശ്യമാണെന്നും മന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**ഗിഗ് (ഇൻട്രോ)**

ഗിഗ് തൊഴിലാളികൾക്ക് ജോലിക്കിടയിൽ സുരക്ഷിതമായ വിശ്രമവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പ് ആരംഭിക്കുന്ന 'GIGON' വിശ്രമകേന്ദ്രങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന്. മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം നിർവ്വഹിക്കും. ചടങ്ങിനോടനുബന്ധിച്ച് എറണാകുളം, കോഴിക്കോട് ഗിഗ് വിശ്രമകേന്ദ്രങ്ങളുടെ ഉദ്ഘാടനവും നടക്കും.

***വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്. (ഹോൾഡ് വോയ്സ്............)***

❁❁❁❁❁❁❁❁❁❁❁❁❁

RNUTVPM

## സർവീസ് ക്ലിനിക്ക്

ഉന്നത വിദ്യാഭ്യാസ വകുപ്പിൽ കെട്ടിക്കിടക്കുന്ന സർവീസ് സംബന്ധമായ പരാതികളും ഫയലുകളും വേഗത്തിൽ തീർപ്പാക്കുന്നതിനായി പ്രത്യേക ' സർവീസ് ക്ലിനിക്ക് ' സംഘടിപ്പിക്കുന്നു. സർവീസ് ക്ലിനിക്കിന്റെ ഉദ്ഘാടനം ഇന്ന് സെക്രട്ടേറിയേറ്റിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം. ജോൺ നിർവഹിക്കും. ഒന്നിടവിട്ടുള്ള ശനിയാഴ്ച്ചകളിലാണ് ക്ലിനിക്ക് നടത്തുന്നത്.

## സേവാ സങ്കൽപ്

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. 2047-നകം 'വികസിത ഭാരതം' എന്ന ലക്ഷ്യം കൈവരിക്കാൻ അടിസ്ഥാന സൗകര്യ വികസന രംഗത്ത് കേന്ദ്രസർക്കാർ ആരംഭിച്ച പ്രധാനമന്ത്രി ഗതി ശക്തി' പദ്ധതിയെക്കുറിച്ചാണ് 'സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. അടിസ്ഥാന സൗകര്യ വികസനം വേഗത്തിലാക്കാനും മൾട്ടി-മോഡൽ കണക്റ്റിവിറ്റി മെച്ചപ്പെടുത്താനുമായി 2021 ൽ ആരംഭിച്ച പദ്ധതിയാണ് പിഎം ഗതിശക്തി ദേശീയ മാസ്റ്റർ പ്ലാൻ. 16 മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും അടിസ്ഥാന സൗകര്യ വിവരങ്ങളെ സമന്വയിപ്പിക്കുന്ന ഈ

RNUTVPM

പദ്ധതി നിർമ്മാണത്തിന് മുൻപ് തന്നെ, കുറവുകൾ കണ്ടെത്തി, പദ്ധതികൾ കൃത്യമായി ആസൂത്രണം ചെയ്യാൻ സഹായകരമാകുന്നു.

❋❋❋❋❋❋❋❋❋❋❋❋❋

**സോളാർ ബോട്ട് (ഇൻട്രോ)**

വിനോദ സഞ്ചാരികൾക്കായി ജലഗതാഗത വകുപ്പ് പാർവ്വതി പുത്തനാറിൽ വൈദ്യുത ബോട്ട് സർവ്വീസ് ആരംഭിക്കും. ഈ മാസം 30 മുതലാകും സർവ്വീസ്.

***തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി തയ്യാറാക്കിയ റിപ്പോർട്ട്... (വോയിസ്)***

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

**മഴ**

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. മോശം കാലാവസ്ഥയെ തുടർന്ന് കേരളം - കർണാടകം - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ആറളം ഫാമിൽ നിയമസഭയുടെ ബജറ്റ് എസ്റ്റിമേറ്റ് കമ്മിറ്റി സന്ദർശനം നടത്തി. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമം സംബന്ധിച്ച ബജറ്റ് വിഹിത വിനിയോഗ പഠനത്തിന്റെ ഭാഗമായാണ് സന്ദർശനം.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.....***

***(വോയിസ്)***

## എഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസ് പുരുഷ സോഫ്റ്റ് ടെന്നീസിൽ ഇന്ത്യക്ക് വെങ്കലം. സെമിഫൈനലിൽ ജപ്പാൻറെ തകുയ കുറോസാക്കയോടാണ് ഇന്ത്യൻ താരം ജയ് മീന പരാജയപ്പെട്ടത്. സ്റ്റീറ്റ് ടീം ഇനത്തിൽ പുരുഷ, വനിത വിഭാഗങ്ങളിൽ ഇന്ത്യ വെങ്കല മെഡലുകൾ സ്വന്തമാക്കി. കബഡി ഗ്രൂപ്പ് മത്സരത്തിൽ ഇന്ത്യ ബംഗ്ലാദേശിനെ പരാജയപ്പെടുത്തി. മെഡൽ നേട്ടത്തിൽ ഇന്ത്യൻ താരങ്ങളെ രാഷ്ട്രപതി ദ്രൗപദി മുർമു അഭിനന്ദിച്ചു. ഒരു സ്വർണ്ണവും, 4 വെള്ളിയും, 4 വെങ്കലവും

RNU TVPM

ഉൾപ്പെടെ ഒമ്പത് മെഡലുകളോടെ ഇന്ത്യ എട്ടാം സ്ഥാനത്താണ്.

❁❁❁❁❁❁❁❁❁❁❁❁❁

## ക്രിക്കറ്റ്

ക്രിക്കറ്റ് പ്രേമികൾ ആകാംക്ഷയോടെ കാത്തിരിക്കുന്ന ഇന്ത്യ-വെസ്റ്റ് ഇൻഡീസ് പരമ്പരയിലെ ഒന്നാം ഏകദിന മത്സരത്തിനായി ഇരു ടീമുകളും ഇന്ന് തിരുവനന്തപുരത്തെത്തി. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഞായറാഴ്ച ഉച്ചയ്ക്ക് രണ്ട് മണി മുതലാണ് ആവേശകരമായ മത്സരം. മത്സരത്തിൻറെ സുഗമമായ നടത്തിപ്പിന് ജില്ലാ ഭരണകൂടവും സിറ്റി പോലീസും കേരള ക്രിക്കറ്റ് അസോസിയേഷനും വിപുലമായ തയ്യാറെടുപ്പുകളാണ് നടത്തിയത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## സാവിത്രി ശ്രീധരൻ

ചലച്ചിത്ര-നാടക നടി സാവിത്രി ശ്രീധരൻ അന്തരിച്ചു. 2018-ൽ സുഡാനി ഫ്രം നൈജീരിയ എന്ന ചിത്രത്തിലെ ഉമ്മ വേഷം ഏറെ ശ്രദ്ധേയമായിരുന്നു. ഡാകിനി, വൈറസ്, മേരാ നാം ഷാജി തുടങ്ങി നിരവധി ചിത്രങ്ങളിൽ ശ്രദ്ധേയമായ കഥാപാത്രങ്ങളെ അവതരിപ്പിച്ചു. സുഡാനി ഫ്രം നൈജീരിയയിലെ അഭിനയത്തിന് സംസ്ഥാന ചലച്ചിത്ര

പുരസ്കാരവും ദേശീയ തലത്തിൽ പ്രത്യേക പരാമർശവും ലഭിച്ചു. സംസ്ഥാന നാടക പുരസ്കാരങ്ങളും കേരള സംഗീത നാടക അക്കാദമി പുരസ്കാരവും ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ നേടി. സംസ്കാരം വൈകിട്ട് കോഴിക്കോട് മാനാരി ശ്മശാനത്തിൽ നടക്കും.

❋❋❋❋❋❋❋❋❋❋❋❋❋

**ഓഹരി -സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 420 പോയിൻറ് നേട്ടത്തിൽ 74,948-ലും നിഫ്റ്റി 129 പോയിൻറ് നേട്ടത്തിൽ 23,458 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില കൂടി. പവന് 640 രൂപ കൂടി ഒരു ലക്ഷത്തി 13,080 രൂപയും ഗ്രാമിന് 14,135 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

❋❋❋❋❋❋❋❋❋❋❋❋❋

**ചിന്നകനാൽ**

ഇടുക്കി ചിന്നക്കനാലിലെ അപകടകാരികളായ ആനകളെ പ്രദേശത്ത് നിന്നും മാറ്റുമെന്ന് വനം വകുപ്പ്. ചക്കകൊമ്പൻ ഉൾപ്പടെ മൂന്ന് ആനകളെ ട്രാൻസ് ലൊക്കേറ്റ് ചെയ്യുമെന്നും വനം വകുപ്പ് അസി. ഫീൽഡ് ഓഫീസർ ആർ ലക്ഷ്മി മാധ്യമങ്ങളോട് പറഞ്ഞു. രണ്ട് മാസങ്ങൾക്കുള്ളിൽ ആനകളെ മാറ്റാനുള്ള നടപടികൾ ആരംഭിയ്ക്കുമെന്നും അവർ അറിയിച്ചു. ശാന്തൻപാറയിൽ കാട്ടാന ആക്രമണത്തിൽ

കൊല്ലപ്പെട്ട വിജയന്റെ ഭാര്യക്ക് ചൊക്രമുടി എക്കോ ടൂറിസ്റ്റ് സെന്റർ ടിക്കറ്റ് കൗണ്ടറിൽ താത്കാലിക ജോലി നൽകുമെന്നും അവർ അറിയിച്ചു.

RNU TVPM